# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം ഒന്നാം ഞായർ

ലൂക്കാ 14,7-14

15/07/2012

മാർപ്പാപ്പയായി തിരഞ്ഞടുക്കപ്പെട്ട ശേഷം പരി. പിതാവ് ഫ്രാൻസീസ് മാർ ഷാപ്പ താൻ താമസിച്ചിരുന്ന റോമിലെ ഹോട്ടൽ മുറിയിൽ തിരിച്ച് ചെന്ന്, തന്റെ ബാഗു മെടുത്ത് ബിൽ വാങ്ങി പണമടക്കുന്നതും, ലോകയുവജന സമ്മേളനത്തിൽ പങ്കെടു ക്കാൻ പോകുന്നതിന് വേണ്ടി റോമിലെ എയർ പോർട്ടിൽ യാത്രക്കാരിലൊരാളായി ബാഗും തൂക്കി ക്യൂവിൽ വിൽക്കുന്നതും, സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വച്ച് രോഗ ബാധി തമായ വിരൂപമുഖത്തോടു കൂടിയ വ്യക്തിയെ തന്റെ വാഹനത്തിൽ നിന്നിറങ്ങി ചെന്ന് ആശ്ലേഷിക്കുന്നതുമെല്ലാം മനം കുളിർപ്പിക്കുന്ന കാഴ്ച്ചകളായിരുന്നു. എളിമയുടെയും ലാളിത്യത്തിന്റെയും ആൾരൂപമായി കൊണ്ട് ഫ്രാൻസീസ് മാർപ്പാപ്പ ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യന്റെ ചൈതന്യം ലോകത്തിൻ പകർന്ന് നൽകി തരുകയാണ്.

"മാലാഖമാരെ പിശാചുക്കളാക്കിയത് അഹങ്കാരമാണെങ്കിൽ, മനുഷ്യരെ മാലഖമാരാക്കുന്നത് വിനയമാണ്."

സെന്റ് അഗസ്റ്റിൻ

ഇന്നത്തെ സുവിശേഷത്തിൽ ഒരു വിരുന്നിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് പ്രബോധനം നൽകുന്ന യേശുവിനെയാണ് നാം ദർശിക്കുന്നത്. ക്ഷണിക്കപ്പെട്ടവർ വേദി യിലെ മുഖ്യസ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്നത് കണ്ട് യേശു ജീവിതത്തിൽ എളിമയുടെ ചൈതന്യം നിലനിറുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പഠിപ്പിക്കുന്നു. അവിടുന്ന് പറയുന്നു, "തന്നെ തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെ തന്നെ താഴ്ത്തുന്ന വൻ ഉയർത്തപ്പെടും" (14,1). യഥാർത്ഥത്തിൽ പഴയ നിയമപ്രബോധനങ്ങളിൽ നിന്നു രിത്തിരിയുന്ന ഒരു ആഹ്വാനമാണിത്. ജോബിന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു, "ദൈവം അഹങ്കാരിയെ താഴ്ത്തുകയും എളിയവനെ രക്ഷിക്കുകയും ചെയ്യും" (ജോബ് 22,25). പ്രഭാഷകന്റെ പുസ്തകത്തിൽ നാം കാണുന്നു, "നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക; അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും" (പ്രഭാ 3,18). കൂടാതെ, പരി. മറിയത്തിന്റെ സ്തോത്രഗീതത്തിലും അഹ ങ്കാരികളെ ചിതറിച്ച് എളിയവരെ ഉയർത്തുന്ന ദൈവത്തെ പറ്റിയുള്ള സ്തുതി ഗീത മുണ്ട് (ലൂക്കാ 1,51-52). "എളിമയുള്ളവർക്ക് ദൈവം അനുഗ്രഹം നൽകുന്നതിനെ" കുറിച്ച് വി. പത്രോസും നമ്മെ ഓർമ്മിപ്പിക്കുന്നു (1പത്രോ 15,5). സ്വയം എളിമപ്പെ ടുത്തി കൊണ്ടുള്ള ജീവിത ശൈലി സ്വീകരിക്കുന്നവരേയാണ് ദൈവം അനുഗ്രഹി

ക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ നമുക്ക് നൽകുന്ന സന്ദേശം. സ്വയം താഴ്ന്ന് കൊടുക്കാനും താഴ്ന്ന സ്ഥാനങ്ങൾ സ്വീകരിക്കാനും ചെറിയനവായി സ്വയം കരുതാനും നമുക്കാകണം എന്ന് സാരം.

വി. അഗസ്തിനോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു, "നിനക്ക് കയറുവാൻ ആഗ്രഹമുണ്ടോ? ഇറങ്ങികൊണ്ട് ആരംഭിക്കുക. മേഘമാർഗ്ഗത്തെ അതിലംഘിക്കുന്ന ഒരു മാളിക പണിയുവാൻ ആഗ്രഹമുണ്ടോ? ആദ്യമായി എളിമയിൽ അതിന്റെ അടിസ്ഥാനം പണിയുക. ദൈവാനുഗ്രഹങ്ങളുടെ ഉറവിടമാണ് എളിമ. സ്വർഗ്ഗീയ ഭണ്ഡാരംത്തെ തുറക്കുന്ന താക്കോലും മറ്റു പുണ്യങ്ങളുടെ അടിസ്ഥാനവുമാണത്.

എളിമയുടെ അടിസ്ഥാനം സത്യവും നീതിയുമാണ്. നമ്മെ ശരിയായി അറിയാൻ സത്യം സഹായിക്കുന്നു. നമ്മലെ നന്മകൾ ദൈവം നൽകിയതാണ് എന്നതുകൊണ്ട് മഹത്വമെല്ലാം ദൈവത്തിനുള്ളതാണ്. അതേ സമയം അനേകം അയോഗ്യതകളും പാപങ്ങളുമുള്ളവരാണ് നാമെന്ന അവബോധം നമ്മെ അഹങ്കാരത്തിൽ നിന്നും വിമോചിതരാക്കുന്നു. നമ്മെ പറ്റിയുള്ള ഈ യഥാർത്ഥ അറിവനുസരിച്ച് പ്രവർത്തിക്കാൻ നീതി നമ്മെ സഹായിക്കുന്നു. ഈ അറിവ് താഴ്ത്ത അവസ്ഥകൾ സ്വീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. എളിമയുള്ള വ്യതി ലളിതമായ ജീവിത ശൈലിയുള്ളവനായിരിക്കും.

സോഷ്യലിസം
നല്ല ചിന്തയാണ്...
അവിടെ
ആരും താണവരല്ല,
ആരും വലിയവരല്ല...
ഈ വ്യവസ്ഥയിൽ
രാജാവും കൃഷിക്കാരനും
ധനികനും ദരിദ്രനും
തൊഴിലുടമയും
തൊഴിലാളിയും
എല്ലാം
ഒരേ നിലയിലുള്ളവരാണ്

സ്വയം ചെറിയവനാകാനും താഴ്ന്ന ജീവിത ശൈലി സ്വീകരിക്കാനും നമ്മിൽ പലരും തയ്യാറല്ല. പിന്നിൽ നിന്ന് പ്രവർത്തിക്കാനുള്ള മനസ്സ് നമുക്കില്ല. മിന്നിൽ നിൽക്കാനും, പത്രമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാനും, നമ്മെപ്പറ്റി പ്രശംസാവചനങ്ങളുടെ ലുത്തിനിയ കേൾക്കാനുമാണ് നമുക്കെല്ലാം ആഗ്രഹം. വസ്ത്രധാരണം, സുഖസൗകര്യങ്ങൾ, ഭക്ഷണം, പാർപ്പിടം എന്നിവയിലെല്ലാം ലളിത്യമുണ്ടാകണം. സ്വയം വലിയവരെന്ന് കരുതുമ്പോഴാണ് ആഡംബരവും ധൂർത്തും ജീവിത്തിൽ കയറി പറ്റുന്നത്. അങ്ങനെയുള്ളവർ എപ്പോഴും മറ്റുള്ളവരാൽ ശുശ്രൂഷിക്കപ്പെടാൻ ആഗ്രഹിക്കുന്നു. ഉന്നതസ്ഥാനത്തിരിക്കാനും മറ്റുള്ളവരെ ഭരിക്കാനുമാണ് അവരുടെ ആഗ്രഹം.

യേശു ആഹ്വാനം ചെയ്യുന്ന ഈ പുതിയ ജീവിത ശൈലി നമുക്ക് സ്വീകരിക്കാം - തന്നെ തന്നെ താഴ്ത്തുന്നതിന്റെ, സ്വയം ചെറിയവനായി ഗണിക്കുന്നതിന്റെ, ലളിതമായ ജീവിതശൈലി സ്വീകരിക്കുന്നതിന്റെ, ശുശ്രൂഷയുടെ, പിന്നിൽ നിന്ന് കഠി

ക്ഷണിക്കരുത്
എന്ന ഗ്രീക്ക്
മൂലത്തിന്റെ അർത്ഥം
കൂട്ടുകാരെയും
ബന്ധുക്കളെയും
ധനികരെയും
ക്ഷണിക്കരുത് എന്നല്ല.
മറിച്ച്,
അവരെ മാത്രം ക്ഷണി
ക്കരുത്;
പാവപ്പെട്ടവരെയും
പതിതരെയും കൂടി
ക്ഷണിക്കണം
എന്നതാണർത്ഥം...

നാദ്ധ്വാനം ചെയ്യുന്നതിന്റെ ജീവിത ശൈലി. അങ്ങനെവരുമ്പോൾ ദൈവത്തിന് മഹത്വമുണ്ടാകും. അവിടുന്ന് നമ്മെ ഉയർത്തും, മനുഷ്യമഹത്വത്തേക്കാൾ ദൈവമഹത്വത്തിന് പ്രാധാന്യം കൽപ്പിക്കുന്ന എളിയവരായി ജീവിക്കാൻ സാധിക്കണമേ എന്നതാകട്ടെ നമ്മുടെ പ്രാർത്ഥന.

---

ഫാ. ഡേവീസ് കിഴക്കുംത്തല